"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ടെക്നിക്കൽ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് 2019-20 അധ്യയന വർഷം മുതൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1839/2020/പൊ.വി.വ തീയതി,തിരുവനന്തപുരം, 05/06/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.1074/2020/പൊ.വി.വ തീയതി 02.03.2020.

2 കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.01.2020-ലെ KITE/2020/1562 നമ്പർ കത്ത്.

3 സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടറുടെ 26.05.2020ലെ സി1/7347/2020/ഡി.ടി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ 'എ' ഗ്രേഡുകൾ ലഭിക്കുന്ന അംഗങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2019-20 അധ്യയനവർഷം മുതൽ 5% ഗ്രേസ് മാർക്ക് അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

സംസ്ഥാനത്തെ ടെക്നിക്കൽ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനാലും ടി യൂണിറ്റുകളിലെ കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് സമാനമായി ടി.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിനാലും മേൽ ഉത്തരവിന് തുടർച്ചയായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളുകളിലെ 'എ' ഗ്രേഡ് ഉള്ള അംഗങ്ങളിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് കൂടി ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളിൽ പഠിച്ച് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന കലോത്സവം, കായികമേള, ശാസ്ത്രമേള എന്നിവയിൽ എ,ബി,സി എന്നീ ഗ്രേഡ് നേടുന്നവർക്കും കൂടാതെ സ്പോർട്സിൽ നാഷണൽ/ സ്റ്റേറ്റ് തലത്തിൽ സമ്മാനം നേടുന്ന വിദ്യാർത്ഥികൾക്കും ജൂനിയർ റെഡ്ക്രോസ്, രാജ്യപുരസ്കാർ എന്നീ വിഭാഗങ്ങളിൽ സമ്മാനം നേടുന്നവർക്കും അതാത് വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി മാർക്ക് അനുവദിച്ച് നൽകുന്നുണ്ടെന്നും ആയതിനാൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളുകളിലെ അംഗങ്ങളിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

File No.GEDN-D3/77/2020-G.EDN

സർക്കാർ ഈ വിഷയം പരിശോധിച്ചു. ടെക്നിക്കൽ സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ 'എ' ഗ്രേഡുകൾ ലഭിക്കുന്ന അംഗങ്ങളിൽ ടി.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കും 2019-20 അധ്യയനവർഷം മുതൽ 5% ഗ്രേസ് മാർക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ പരാമർശിക്കുംവിധം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാന്
സെക്രട്ടറി

ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സീനിയർ ജോയിന്റ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്